പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3530 18.02.2013 - ൽ മറുപടിയ്ക്ക്

ശ്രുതി തരംഗം എന്ന കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

ചോദ്യം ഉത്തരം

ശ്രീമതി കെ.എസ്.സലീഖ

**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

(എ) സംസ്ഥാന സർക്കാർ രൂപം നൽകിയ സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ശ്രുതി തരംഗം എന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര കുട്ടികളെ സർജറിക്ക് വിധേയരാക്കുകയുണ്ടായി; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എ) നാളിതുവരെ 104 കുട്ടികൾക്ക് സർജറി നടത്തി കഴിഞ്ഞു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കുട്ടികളുടെ എണ്ണം |
|---|---|---|
| 01 | എറണാകുളം | 11 |
| 02 | മലപ്പുറം | 15 |
| 03 | പാലക്കാട് | 07 |
| 04 | കണ്ണൂർ | 12 |
| 05 | തൃശ്ശൂർ | 09 |
| 06 | കോഴിക്കോട് | 11 |
| 07 | തിരുവനന്തപുരം | 07 |
| 08 | കാസർഗോഡ് | 02 |
| 09 | ആലപ്പുഴ | 11 |
| 10 | കോട്ടയം | 09 |
| 11 | ഇടുക്കി | 04 |
| 12 | വയനാട് | 03 |
| 13 | കൊല്ലം | 01 |
| 14 | പത്തനംതിട്ട | 02 |
| | | 104 |

(ബി) ജന്മനാ ബധിരരായ 5 വയസ് വരെ പ്രായമുള്ള കുട്ടികൾക്ക് ശ്രവണ സംസാര ശേഷി കൈവരിക്കുന്നതിന് ഇതേവരെ എന്ത് തുക ചെലവഴിച്ചു; ഓരോ കുട്ടിക്കും സർജറിക്ക് എത്ര തുക വീതം അനുവദിക്കുന്നു; വിശദമാക്കുമോ;

(ബി) ഇതുവരെ 4,59,35,579/- രൂപ കോക്ലിയാർ ഇംപ്ലാന്റിനും ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുമായി ചെലവഴിച്ചു. ഒരു കുട്ടിക്ക് 4,56,521/- രൂപ വിലയുള്ള കോക്ലിയാർ ഇംപ്ലാന്റിനുള്ള തുകയും അതിനു ശേഷം മാപ്പിംഗിനും ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുമായി 50,000/- രൂപയുമാണ് സർക്കാർ വഹിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ/സ്വകാര്യ ആശുപത്രികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | ചുവടെപ്പറയുന്ന എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത് .<br>1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം<br>2. സാന്ത്വന ആശുപത്രി. തിരുവനന്തപുരം<br>3. കിംസ് ആശുപത്രി. തിരുവനന്തപുരം<br>4. ഡോ. നൗഷാദ്സ് ഇ.എൻ.റ്റി ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം.<br>5. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം<br>6. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ<br>7. അൽഷിഫ ആശുപത്രി, പെരിന്തൽമണ്ണ<br>8. ഡോ. മനോജ്സ് സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്<br>9. മിംമ്സ് ആശുപത്രി , കോഴിക്കോട്<br>10. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് |
| (ഡി) | ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ നടത്തുന്ന പ്രസ്തുത പദ്ധതി പ്രകാരം ചെലവഴിക്കുന്ന തുക എപ്രകാരമാണ് സ്വരൂപിക്കുന്നത്; വിശദമാക്കുമോ ; | (ഡി) | ബഡ്ജറ്റ് വിഹിതത്തിലൂടെയും സാമൂഹ്യ സുരക്ഷാ മിഷന്റെ ഫണ്ട് ഉപയോഗിച്ചുമാണ് പദ്ധതി നടപ്പിലാക്കുന്നത് |
| (ഇ) | ജന്മനാ ബധിരരായ 5 വയസ് വരെ പ്രായമുള്ള എത്ര കുട്ടികൾ സംസ്ഥാനത്തുണ്ടെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്; ഇതിൽ, എത്ര കുട്ടികൾക്കു കൂടി ഈവർഷം ചികിത്സ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | (ഇ) | ഈ പദ്ധതിക്കുവേണ്ടി ഇത്തരത്തിൽ ഒരു വിവരശേഖരണം നടത്തിയിട്ടില്ല. പ്രതിവർഷം 200 സർജറികൾ നടത്തുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (എഫ്) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ശസ്ത്രക്രിയ നടത്തുന്ന കുട്ടികൾക്കുള്ള തുടർ ചികിത്സ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (എഫ്) | സർജറി നടത്തിയ കുട്ടികൾക്ക് രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിയോ വെർബൽ ഹബിലിറ്റേഷനുള്ള സൗകര്യം ലഭ്യമാക്കുന്നുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ